(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതേ ആവശ്യത്തിനായി കേരളത്തിലാകെ പ്രവർത്തന പരിധിയുള്ള റെയ്ഡ്കോ എന്ന സഹകരണ സ്ഥാപനം സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ;

(ഡി) കൈക്കോ എന്ന സ്ഥാപനം വിവിധ കപ്പാസിറ്റിയുള്ള കൊപ്ര ഡ്രൈയറുകൾ ഉല്പാദിപ്പിക്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അവർ ഉല്പാദിപ്പിക്കാത്ത ഇനം ഡ്രൈയറുകൾ വിതരണം നൽകുന്നതിനുള്ള അനുമതി റെയ്ഡ്കോയ്ക്ക് നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഇതിന് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇപ്പോൾ കുറച്ചു ഡ്രൈയറുകൾ മാത്രമാണ് വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. അത് ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ കൊണ്ടാണ് ചെയ്യിക്കുന്നത്. ആ കമ്പനി വളരെ നഷ്ടത്തിലാണ് ഓടുന്നത്. അവർക്കു പണി കൊടുക്കുക എന്ന ആശയത്തിലാണ് ഡ്രൈയറുകൾ ഉണ്ടാക്കാൻ ഓർഡർ കൊടുത്തിരിക്കുന്നത് ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഗവൺമെന്റ് കമ്പനിയാണ്.

കൃഷിവകുപ്പിന്റെ കീഴിലെ ഫാമുകൾ

93 (1888) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ കീഴിൽ എത്ര ഫാമുകൾ ഉണ്ട് ; ഇതിൽ ഓരോന്നിലുമുള്ള ഭൂമി എത്ര എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഫാമുകളിൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഉള്ള ഫാമുകൾ എത്ര ; മറ്റ് ഫാമുകളുടെ ഭരണച്ചുമതല ആർക്കാണ് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ ഫാമുകളിൽ ഓരോന്നിലും തൊഴിലാളികളുടെയും മറ്റ് ഉദ്യോഗസ്ഥന്മാരുടെയും തസ്തികകൾ എത്ര വീതം ; ഇപ്പോൾ ഈ തസ്തികകളിൽ ജോലി ചെയ്യുന്നവർ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഫാമുകളിൽ തൊഴിലാളികൾ റിട്ടയർ ചെയ്തുപോകുമ്പോഴും മറ്റു വിധത്തിൽ ഒഴിവുകൾ ഉണ്ടാകുമ്പോഴും പകരം തൊഴിലാളികളെ നിയമിക്കാതിരിക്കാനുള്ള കാരണം എന്താണ് ;

(ഇ) ഗവൺമെന്റ് ഫാമുകളുടെ സ്ഥലം മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ ഫാമുകളാണ് കൈമാറുന്നതിന് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എഫ്) നെല്ലിയാംപതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം നിർത്തലാക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവിടെ ഏതുവിധത്തിലുള്ള വികസന പ്രവർത്തനം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 61 ഫാമുകൾ. ഓരോ ഫാമിന്റെയും ഭൂമിയുടെ വിസ്തീർണം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇതിൽ 10 സ്പെഷ്യൽ ഫാമുകൾ ഡിപ്പാർട്ടുമെന്റിന്റെ പൂർണ്ണനിയന്ത്രണത്തിലും മറ്റു ഫാമുകൾ അതത് ജില്ലാ പഞ്ചായത്തുകളുടെ മേൽനോട്ടത്തിലുമാണ് പ്രവർത്തിക്കുന്നത്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഫാമുകളിലെ തൊഴിലാളികളെ നിയമിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന സർക്കാർ അനുമതിയോടെയാണ്. ഇതു സംബന്ധിച്ച കൃഷി ഡയറക്ടറുടെ നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്.

(ഇ) ഉണ്ട്. കൊട്ടാരക്കര കാഷ്യൂ ഫാമിൽ നിന്നും 1.10 ഹെക്ടർ സ്ഥലം എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനു വേണ്ടി ഐ. എച്ച്. ആർ. ഡി-ക്ക് കൈമാറുന്നതിന് തീരുമാനമായിട്ടുണ്ട്.

(എഫ്) ഇല്ല.

കാർഷികവികസന സമിതികൾ

94 (1889) ശ്രീ. സി. റ്റി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികവികസന സമിതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ ഏതടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly